വ്യാജവാറ്റു കേസ്സുകൾ

*284 [300] ശ്രീ. ആർ. സുന്ദരേശൻ നായർ:

ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978–79 സാമ്പത്തിക വർഷത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് എത്ര വ്യാജവാറ്റു കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകൾ ശിക്ഷിക്കപ്പെട്ടു;

(സി) ഇതിൽ നിന്ന് ഗവൺമെന്റിന് എന്തു വരവുണ്ടായിട്ടുണ്ട്;

(ഡി) സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും എക്സൈസ് ഡിപ്പാർട്ടുമെന്റിലെ സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) 1978 ഏപ്രിൽ 1 മുതൽ 31.1.1979 വരെ മൊത്തം 24,974 കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിൽ 5,718 കേസ്സുകൾ കോടതി ശിക്ഷിച്ചിട്ടുണ്ട്.

(സി) കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഗവൺമെന്റിന് 1.4.1978 മുതൽ 31.1.1979 വരെ 32,59,101.20 രൂപ (മുപ്പത്തിരണ്ടുലക്ഷത്തി അമ്പത്തിയൊൻപതിനായിരത്തി ഒരുനൂറ്റിയൊന്നുരൂപ ഇരുപതു പൈസ) ലഭിച്ചിട്ടുണ്ട്. കോടതികൾ ശിക്ഷിച്ച കേസ്സുകളിൽനിന്നുള്ള വരുമാനത്തിന്റെ കൂടുതൽ വിവരം ശേഖരിച്ചു വരുന്നു.

(ഡി) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ സ്പെഷൽ സ്ക്വാഡുകൾ തികച്ചും ഊർജ്ജസ്വലമായിതന്നെ പ്രവർത്തിക്കുന്നുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പെരിന്തൽമണ്ണ സബ് ജില്ലാസ് റേഷൻ

590 [849] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ സബ് ജില്ലാ സ് റേഷനായി ഉയർത്തിയിട്ടുണ്ടോ;

(ബി) വർക്ക് ഷോപ്പ് സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) പെരിന്തൽമണ്ണയിൽ നിന്ന് ഓപ്പറേറ് ചെയ്യുന്ന ഷെഡ്യൂൾ എത്ര;

(ഡി) ഷെഡ്യൂൾ വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്ക് ഷോപ്പ് സൗകര്യം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പെരിന്തൽമണ്ണ സബ് ഡിപ്പോയിൽനിന്ന് 23 ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്.

(ഡി) വണ്ടികളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ഷെഡ്യൂളുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ നടന്ന പ്രസവം

591 [850] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1977–78, 1978–79 വർഷങ്ങളിൽ ട്രാൻസ്പോർട്ട് ബസ്സുകളിൽ എത്ര പ്രസവം നടന്നിട്ടുണ്ട്?

ഉത്തരം

വിവരം ശേഖരിച്ചിട്ടില്ല.

തേർഡ് പാർട്ടി ഇൻഷ്വറൻസ് ആനുകൂല്യം

592 [851] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ അത്താണി എന്ന സ്ഥലത്തുണ്ടായ ബസ്സപകടത്തിൽ എത്ര പേർ മരിച്ചു;

(ബി) മരിച്ചവരുടെ കുടുംബക്കാർക്ക് ഗവൺമെൻറിൽനിന്ന് എന്തെല്ലാം സഹായങ്ങൾ ചെയ്തു കൊടുത്തു;

(സി) അത്താണി ബസ്സപകടത്തിൽ ഓടിച്ചിരുന്ന ബസ്സിന്റെ ഇൻഷ്വറൻസ് പുതുക്കിയിരുന്നില്ലെന്നുള്ള കാര്യം ശരിയാണോ;

(ഡി) അതുകൊണ്ട് തേർഡ് പാർട്ടി ഇൻഷ്വറൻസ് ആനുകൂല്യം നഷ്ടപ്പെടുമോ;

(ഇ) ഇക്കാര്യം ശരിയായിരുന്നു എങ്കിൽ ഇൻഷ്വറൻസ് പുതുക്കാതെ ബസ്സ് ഓടിക്കുവാൻ അനുവദിച്ച ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ എടുത്തുവോ;

(എഫ്) ഇൻഷ്വറൻസ് സമയത്ത് അടയ്ക്കാതെ ബസ്സുകൾ ഓടിക്കുന്നത് സമയത്ത് തടയാൻ എന്തെങ്കിലും നടപടികൾ എടുക്കുമോ?

ഉത്തരം

(എ) അത്താണി ബസ്സപകടത്തിൽ 16 പേർ മരിച്ചു.

(ബി) മരിച്ചവരുടെ അവകാശികൾക്ക് ഗവൺമെൻറും റെയിൽവേ അധികൃതരും 1000 രൂപ വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(സി) ശരിയല്ല. ബസ്സിന്റെ ഇൻഷ്വറൻസ് 16–4–1979 വരെ പുതുക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly